"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കോട്ടയം ജില്ലയിലെ കുമരകം പോലീസ് സ്റ്റേഷൻ പരിധിയിൽ സി.സി. ടി.വി ക്യാമറ സ്ഥാപിക്കുന്നതിനുള്ള കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിന്(507/ 2021) പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1750/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/09/2020

---

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10/07/2020-ലെ കത്ത്.

2 12/08/2020-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.26

**ഉത്തരവ്**

കോട്ടയം, ആലപ്പുഴ ജില്ലകളുടെ സമീപം സ്ഥിതി ചെയ്യുന്ന കുമരകം പഞ്ചായത്ത് വിനോദസഞ്ചാര പ്രാധാന്യമുള്ള, സ്വദേശികളും വിദേശികളുമായി നിരവധി ടൂറിസ്റ്റുകൾ എത്തുന്ന പ്രദേശമാണ്. കൂടാതെ കോട്ടയം ജില്ലയിൽ സമീപകാലങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പല ക്രിമിനൽ കേസിലുൾപ്പെട്ട പ്രതികളും കുമരകം വഴിയാണ് ആലപ്പുഴ ജില്ലയിലേക്ക് പോകുന്നത്. ആയതിനാൽ ഇതിനാവശ്യമായ സി.സി ടി.വി ദൃശ്യങ്ങൾ പലപ്പോഴും പോലീസിന് ആവശ്യമായി വരുന്നു. സുരക്ഷാ പ്രാധാന്യവും കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നതിനും പൊതുജാഗ്രത ഉറപ്പുവരുത്തുന്നതിനും സഹായകരമായ പ്രോജക്ടാണ് ജനമൈത്രി പോലീസിന്റെ ഭാഗമായി ജനങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് കുമരകം പോലീസ് സ്റ്റേഷൻ പരിധിയിൽ സി.സി. ടി.വി ക്യാമറ സ്ഥാപിക്കൽ. ക്യാമറകളുടെ റസല്യൂസഷൻ, നൈറ്റ് വിഷൻ, സ്റ്റോറേജ് ദൈർഘ്യം എന്നിവ ഉറപ്പാക്കി അനുമതി നൽകണമെന്ന ജില്ലാ പഞ്ചായത്തിന്റെ അപേക്ഷയിൽ ആസൂത്രണ സമിതി അനുമതി നിരസിച്ചതിനാൽ പ്രത്യാകാനുമതി നൽകണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മോണിട്ടറിംഗ് ചുമതല കുമരകം പോലീസ് സ്റ്റേഷനിലെ പ്രിൻസിപ്പൽ എസ്.ഐ/സർക്കിൾ ഇൻസ്പെക്ടർ വഹിക്കണമെന്ന നിബന്ധനയോടെ കുമരകം പോലീസ് സ്റ്റേഷൻ പരിധിയിൽ സി.സി. ടി.വി ക്യാമറ സ്ഥാപിക്കൽ. എന്ന പദ്ധതിക്ക് (507/ 2021) പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്,കോട്ടയം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by ...ENAMMA P A
Date: 2020.09... 14:22:01 IST
Reason: Approved

സെക്ഷൻ ഓഫീസർ